പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1800 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധന** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി. പി.അയിഷാ പോറ്റി** | **ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവിനോടൊപ്പം അധികചുമതലകൾ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) അങ്കണവാടി ജീവനക്കാർക്ക് അധിക ചുമതലകൾ നൽകിയിട്ടില്ല. |
| ബി) അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവിന്റെ വിശദാംശങ്ങളും ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകളും ലഭ്യമാക്കുമോ ? | (ബി) അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 2000/- രൂപയിൽ നിന്നും 2600/- രൂപയായി വർദ്ധിപ്പിച്ചും, പ്രസ്തുത വർദ്ധനവിന് 01.04.2015 മുതൽ പ്രാബല്യം നൽകിയും 24.08.2015 ലെ സ.ഉ (എം.എസ്) നം.50/2015/സാനീവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിഹിതം 100/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ച് 10.08.2015 ലെ സ.ഉ (സാധാ) നം.2469/2015/തസ്വഭവ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I , II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ഐ.സി.ഡി.എസ് - അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ (എം.എസ്)നം. 50/ 2015/ സാനീവ തീയതി, തിരുവനന്തപുരം, 24.08.2015**

പരാമർശം : (1) 26.05.2014 ലെ സ.ഉ (എം.എസ്)നം.106/13/ സാനീവ.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 24.07.2015 ലെ ഐ.സി.ഡി.എസ്/ബി6-15444/15 നമ്പർ കത്ത്.

**ഉത്തരവ്**

അങ്കണവാടി ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ 600/- രൂപ വർദ്ധിപ്പിക്കുന്നതായി സംസ്ഥാന സർക്കാരിന്റെ 2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയം (സംസ്ഥാന വിഹിതം) 2000/- രൂപയിൽ നിന്നും 2600/- രൂപയായി (രണ്ടായിരത്തി ആറുന്നൂറ് രൂപ മാത്രം) വർദ്ധിപ്പിച്ചും, പ്രസ്തുത വർദ്ധനവിന് 01.04.2015 മുതൽ പ്രാബല്യം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.എം. ലീലാമണി**

**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം).
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (22.08.2015 ലെ ഡബ്ല്യു ഡബ്ല്യു 2 /157/2015-ഫിൻ പ്രകാരം )
വെബ്ബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

പകർപ്പ് : പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്.
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്സിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം - II

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ അംഗൻവാടി വർക്കർ / ഹെൽപ്പർമാരുടെ പ്രതിമാസ ഹോണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2469/2015/തസ്വഭവ. തീയതി, തിരുവനന്തപുരം,10/08/2015.

---

പരാമർശം : വികേന്ദ്രീകൃത സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22/07/2015 ലെ 2.5 -ാംനമ്പർ തീരുമാനം.

## ഉത്തരവ്

സംസ്ഥാനത്തെ അംഗൻവാടികളിൽ ജോലിചെയ്തുവരുന്ന വർക്കർ / ഹെൽപ്പർമാരുടെ പ്രതിമാസ ഹോണറേറിയം 100/- രൂപയിൽ നിന്ന് 1000/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. ഷാജീന്ദ്രൻപിള്ള**

ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ